പ്രകാരമാണ് . കാലാകാലങ്ങളിൽ ആവശ്യമായ മാറ്റം ഈ റൂളിൽ വരുത്താറു മുണ്ട്.

(ഡി) ഇക്കാര്യത്തിന് ആവശ്യമായ പണം ലഭ്യമാക്കാൻ നടപടി സ്വീക രിച്ചു വരുന്നു.

132 (1736) ദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് കലോറി മൂല്യമുള്ള ഭക്ഷണം നൽകാൻ നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ കമ്മിഷന്റെ നിർദ്ദേശപ്രകാരം ഒരാൾ പ്രതിദിനം കഴിക്കുന്ന ആഹാരത്തിൽ എത്ര കലോറി ഉണ്ടായിരിക്കണമെന്ന് വ്യക്തമാ ക്കുമോ;

(ബി) സംസ്ഥാനത്ത് ഒരാൾക്ക് ശരാശരി എത്ര കലോറി ലഭിക്കു ന്നുണ്ട്;

(സി) ഐക്യരാഷ്ട്ര ജനസംഖ്യാ രക്ഷാനിധി (യു.എൽ.എഫ്.പി.എ) ലോകജനസംഖ്യ 600 കോടി കവിയുന്നതിന്റെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് ഒരാൾക്ക് ഇപ്രകാരം ശരാശരി എത്ര കലോറി ലഭി ക്കുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ സർവ്വേ അനുസരിച്ച് ആവശ്യമായ കലോറിയുടെ 80 ശത മാനം പോലും ലഭിക്കാത്തവർ സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനം വരും;

(ഇ) തീർത്തും ദാരിദ്ര്യത്തിൽ കഴിയുന്നവർ സംസ്ഥാന ജനസംഖ്യ യുടെ എത്ര ശതമാനമാണ്;

(എഫ്) ആവശ്യത്തിന് കലോറി ലഭിയ്ക്കുന്നതിന് വേണ്ട ഭക്ഷണം കഴിക്കാനില്ലാത്തവർക്ക് അത് ലഭ്യമാക്കുവാൻ സഹായകരമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഒരാൾ പ്രതിദിനം കഴിക്കേണ്ട കലോറി (ഊർജ്ജം) അയാളുടെ പ്രായത്തിനും ലിംഗവ്യത്യാസത്തിനും തൊഴിലിന്റെ കാഠിന്യത്തിനും അനുസ രിച്ച് വ്യത്യസ്തമായിരിക്കും. എങ്കിലും പ്രായപൂർത്തിയായ ഒരു ശരാശരി പുരുഷന് ലഭിക്കേണ്ട ഊർജ്ജം 2425 കിലോ കലോറിയും, സ്ത്രീക്ക് ആവശ്യ മായ ഊർജ്ജം 1875 കിലോ കലോറിയും ആണ്.

(ബി) നാഷണൽ ന്യൂട്രീഷൻ മോണിറ്ററിംഗ് (NNMB) ബ്യൂറോയുടെ 96-ലെ റിപ്പോർട്ടിൻപ്രകാരം കേരളത്തിൽ ഒരു ശരാശരി പുരുഷൻ 2141 കിലോ കലോറി ഊർജ്ജവും ശരാശരി സ്ത്രീക്ക് 1756 കിലോ കലോറി ഊർജ്ജവും ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)-(ഇ)പ്രസ്തുത സർവ്വേ റിപ്പോർട്ട് ലഭ്യമല്ല.

(എഫ്)ഹ്രസ്വവും ദീർഘവുമായ പദ്ധതികൾ ഉണ്ട്. അനുപൂരകപോഷണം (Supplementary feeding) നൽകുക, വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക, ഭക്ഷ്യപൊതുവിതരണം ഊർജ്ജിതപ്പെടുത്തൽ, സൗജന്യ റേഷൻവിതരണം മുതലായവ ഇതിൽപ്പെടും. പക്ഷേ ഇത്തരം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകൾ, സാമൂഹ്യക്ഷേമവകുപ്പ്, ഭക്ഷ്യവിതരണ വകുപ്പ്, റവന്യൂ വകുപ്പ് മുതലായവയാണ്. ആരോഗ്യവകുപ്പിന്റെ പോഷകാഹാര പ്രവർത്തനങ്ങളിൽ അനുപൂരകപോഷണവും മറ്റും ഉൾപ്പെടുന്നില്ല.

133 (1737) ആതുര ശുശ്രൂഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആതുര ശുശ്രൂഷാ സൗകര്യങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ പുതിയ ആശുപത്രികൾ തുടങ്ങുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആയുർവേദ ആശുപത്രികൾ ആരംഭിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ അതിനുവേണ്ടിയുള്ള സ്ഥലങ്ങൾ തീരുമാനിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കേരളത്തിലെ 2 പഞ്ചായത്തുകൾ ഒഴികെ മറ്റല്ലായിടത്തും അനുവദിച്ചുകഴിഞ്ഞു. ആയുർവേദ ഹോമിയോ ചികിൽസാ കേന്ദ്രങ്ങൾ സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി ഘട്ടംഘട്ടമായി എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) നടപ്പു സാമ്പത്തികവർഷം പുതിയ ആയുർവേദ ഡിസ്പെൻസറികൾ എവിടെയൊക്കെ ആരംഭിക്കണമെന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) ബന്ധപ്പെട്ട പഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ സാമ്പത്തികലഭ്യതയനുസരിച്ച് സ്ഥലനിർണ്ണയം നടത്തുന്നത്. ഈവർഷം 100 ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

134 (1738) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly